പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 455 — 19.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. റൂട്ടുകളിലെ സർവ്വീസ് ലാഭകരമല്ല എന്ന കാരണത്താൽ വൻതോതിൽ സർവ്വീസ് റദ്ദാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണം ചില ദിവസങ്ങളിൽ ചില സർവ്വീസുകൾ അയയ്ക്കുവാൻ കഴിയാറില്ല. ഇത്തരം സാഹചര്യങ്ങളിൽ തീരെ യാത്രക്കാർ കുറവുള്ള റൂട്ടുകളിലെ സർവ്വീസുകളാണ് സാധാരണഗതിയിൽ റദ്ദാക്കാറുള്ളത്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | നിലവിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് എത്രജീവനക്കാരും, സർവ്വീസ് നടത്തുന്ന എത്ര ബസ്സുകളുമുണ്ട്; പ്രതിദിനം എത്ര കിലോമീറ്റർ സർവ്വീസ് നടത്തുന്നുവെന്നും ഏകദേശം പ്രതിവർഷം എത്ര രൂപയുടെ നഷ്ടം വരുന്നുവെന്നും വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി. യിൽ 30,132 സ്ഥിരം ജീവനക്കാരുണ്ട്.<br>314 JnNURM ബസ്സുകൾ ഉൾപ്പടെ 6,108 ബസ്സുകൾ ഉണ്ട്.<br>പ്രതിദിനം ശരാശരി 15.4 ലക്ഷം കി. മീറ്റർ സർവ്വീസ് നടത്തുന്നുണ്ട്.<br>2011-12 -ലെ കണക്കനുസരിച്ച് പ്രതിവർഷം 349.97 കോടി രൂപയാണ് നഷ്ടം വരുന്നത്. |
| (ഡി) | 1989-ന് ശേഷം കെ.എസ്.ആർ. ടി.സി. ലാഭത്തിൽ ഓടിക്കൊണ്ടിരുന്ന ദീർഘദൂര റൂട്ടുകൾ ഒഴിവാക്കി അവിടെ സ്വകാര്യ ദീർഘദൂര പെർമിറ്റുകൾ അനുവദിച്ചു നൽകുകയുണ്ടായോ; | (ഡി) | കെ.എസ്.ആർ.ടി.സി. ലാഭത്തിൽ ഓടിക്കൊണ്ടിരുന്ന ദീർഘദൂര റൂട്ടുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. |
| (ഇ) | എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്.ആർ.ടി.സി. നിലവിലുള്ള എത്ര ദീർഘദൂര റൂട്ടുകൾ റദ്ദാക്കി; എത്ര സ്വകാര്യ ദീർഘദൂരപെർമിറ്റുകൾ അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | കെ.എസ്.ആർ.ടി.സി. ദീർഘദൂര റൂട്ടുകളൊന്നും തന്നെ റദ്ദാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | നിലവിൽ കെ.എസ്.ആർ.ടി.സി. എന്തു കൊണ്ടാണ് സ്വകാര്യ ദീർഘദൂര പെർമിറ്റുകൾക്കെതിരെ അപ്പീൽ പോകാത്തത്; അപ്പീൽ പോകുന്ന കേസ്സുകളിൽ കെ.എസ്. ആർ.ടി.സി. നിരന്തരം പരാജയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | സ്വകാര്യ ബസ്സുകൾക്ക് ദീർഘദൂരപെർമിറ്റുകൾ നൽകിയ ആർ.ടി.എ.കളുടെ നടപടികൾക്കെതിരെ കെ.എസ്.ആർ.ടി. സി. ബഹു. കേരളാ ഹൈക്കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്. |
| (ജി) | മിടുക്കരായ പ്രൊഫഷണലുകളുടെ സേവനം ഇപ്പോൾ കെ.എസ്.ആർ. ടി.സി.ക്ക് ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ജി) | ഉണ്ട്. കെ.എസ്.ആർ.ടി.സി. യിൽ മിഡിൽ ലെവൽ മാനേജ്മെന്റ് ശക്തിപ്പെടു ത്തുന്നതിന്റെ ഭാഗമായി അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ/ അഡ്മിനി സ്ട്രേറ്റീവ് ഓഫീസർ/ അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനിയർ എന്നീ തസ്തികകളിൽ നിയമനത്തിന് നിശ്ചയിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത ഉയർത്തി നിശ്ചിത ശതമാനം നേരിട്ട് നിയമനം നടത്താൻ നിശ്ചയിച്ചു കൊണ്ടുള്ള 2012 -ലെ കെ.എസ്. ആർ.ടി.സി. റഗുലേഷൻസിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ